# മലർവാടി

**കുട്ടികളുടെ ദ്വൈവാരിക**

1 ഫെബ്രുവരി 2020, പുസ്തകം 40, ലക്കം 7




## മലർമൊഴി

*സജ്ജനങ്ങളെ നാം അങ്ങനെ വിളിക്കുന്നത് അവർക്ക് തെറ്റുപറ്റാത്തതു കൊണ്ടല്ല, മറിച്ച് സ്വന്തം തെറ്റുകൾ മനസ്സിലാക്കി അത് തിരുത്തുന്നതുകൊണ്ടാണ്.'*

**മഹാത്മാഗാന്ധി**



മനുഷ്യജീവിതത്തിൽ തെറ്റുപറ്റുക സ്വാഭാവികമാണ്. ഈ ഭൂമിയിലെ പാപരഹിതരായ മനുഷ്യർ പ്രവാചകർ മാത്രമാണ്. സുഖവും ദുഃഖവും പുണ്യവും പാപവും ഒക്കെ കൊണ്ട് സമ്മിശ്രമാണ് ജീവിതം. തെറ്റ് പറ്റുന്നതല്ല വലിയ കുഴപ്പം. പറ്റിയ തെറ്റിനെ പലവിധത്തിലും ന്യായീകരിക്കുകയും അതിനെ ഒരു ശരിപോലെ നിലനിർത്തുകയും ചെയ്യുന്നതാണ്. ഇത്തരമൊരു പ്രതിഭാസം നമ്മുടെ


Editor **T.K. Ubaid** Executive Editor **P.A. Nazimudeen** • Sub Editor **Mehd Maqbool**
Layout & Graphics **Alikoya** • Technical Support **Fahis Ali**
Cover **Salim G road** • e-mail malarvadimag@gmail.com | **www.malarvadi.net**
Circulation Phone 0495 2732555 • Manager Tele 0495 2730073 • e-mail managerprabodhanamclt@gmail.com

സമൂഹത്തിലും വ്യക്തികൾക്കിടയിലും സാധാരണമായിക്കഴിഞ്ഞിരിക്കുന്നു. സമൂഹ മനസ്സിൽ നന്മതിന്മകൾ തുല്ല്യമാകുന്ന ഒരു അവസ്ഥയിലേക്കാണ് ഇത് എത്തിച്ചേരുന്നത്. അതുകൊണ്ടാണ് പശ്ചാത്താപത്തെയും മാപ്പുനൽകലിനെയും തന്റെ അഹിംസാസിദ്ധാന്തത്തിൽ രണ്ടു പ്രധാന കാര്യങ്ങളായി അദ്ദേഹം ഉൾപ്പെടുത്തിയത്.

ഇന്ന് സമൂഹത്തിൽ ഭരണകർത്താക്കൾക്കും ഉന്നത പദവികളിലിരിക്കുന്ന നേതൃത്വങ്ങൾക്കുമൊക്കെ തങ്ങൾക്ക് പറ്റിയ അബദ്ധങ്ങളും തെറ്റുകളും തുറന്നു പറയാൻ മടിയാണ്. ജനസ്വാധീനത്തിന്റെയും അധികാരത്തിന്റെയും ബലത്താൽ നുണകൾകൊണ്ട് അവ മറച്ചുപിടിക്കാനും ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുമാണവർ ശ്രമിക്കാറ്. നുണകളും തെറ്റായ വസ്തുതകളുടെ പ്രചാരണവും രാജ്യപുരോഗതിയെ പിന്നോട്ടടിപ്പിക്കുന്നു.

ഗാന്ധിജിയുടെ ജീവിതം പരിശോധിച്ചാൽ അദ്ദേഹം സ്വാതന്ത്ര്യസമരകാലത്ത് ഇന്ത്യയിലെ ജനങ്ങളുമായി തുറന്ന ബന്ധം സ്ഥാപിച്ചിരുന്നു എന്ന് കാണാം. തനിക്കു പറ്റിയ തെറ്റുകളെയും, ഒരു സത്യഗ്രഹി എന്ന നിലയിൽ തന്റെ ബ്രഹ്മചര്യത്തിനു പറ്റിയ ഇടർച്ചകളെയും അദ്ദേഹം അപ്പപ്പോൾ സംഭാഷണങ്ങളിലൂടെയും, തന്റെ പത്രത്തിലൂടെയും പുറത്തുവിട്ടിരുന്നു.

'പാപം മനുഷ്യസഹജമാണ്. പ്രായശ്ചിത്തമാണ് അതിന് പരിഹാരം' എന്ന് പ്രവാചകൻ അരുൾ ചെയ്തിട്ടുണ്ട്. 'തെറ്റുകളിൽ പശ്ചാത്തപിക്കുന്നവന് ദൈവകാരുണ്യം പ്രതീക്ഷിക്കാം. തന്റെ തെറ്റായ ചെയ്തികളിൽ അഹങ്കരിക്കുന്നവന് ദൈവകോപമാണ് പ്രതീക്ഷിക്കാനുള്ളത്' എന്നു കൂടി അദ്ദേഹം പറഞ്ഞുവെച്ചിട്ടുണ്ട്.

• പി.എ.എൻ



▸▸ ഇന്ത്യയിലെ ആദ്യത്തെ 14 വരി പാത ഏത്– ഡൽഹി–മീററ്റ് എക്സ്പ്രസ് വേ